# മൂശാകാലം
# വചന വിചിന്തനം
## മൂശാകാലം ഒന്നാം ഞായർ
### മത്താ 20,1-16

**"മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ"
എന്ന ഉപമയിലൂടെ ക്രിസ്തു പഠിപ്പിക്കുന്ന പാഠം
"ആരും ഉപരിശ്രേഷ്ഠരല്ല!" എന്നുള്ളതാണ്.
വരുത്തൻമാരും ഇരുത്തൻമാരും മാർഗ്ഗവാസികളും ആഢ്യക്രിസ്ത്യാനികളും
തമ്മിലുള്ള അന്തരത്തിന്റെ ഇടയിലും ക്രിസ്തു പറയുന്നത് ഇത് തന്നെയാണ്;
"ആരും ഉപരിശ്രേഷ്ഠരല്ല!"**

ഈശോ ഭൂമിയിലേയ്ക്ക് വന്നത് സ്വർഗ്ഗരാജ്യത്തിന്റെ നീതി ദർശനം ഭൂമിയിൽ അവതരിപ്പിക്കുന്നതിനാണ്. ക്രിസ്തു പഠിപ്പിച്ച പ്രാർത്ഥനയുടെ അന്തസത്തയും ഇത് തന്നെയായിരുന്നു; "സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ" (മത്താ 6,9-10). സ്വർഗ്ഗരാജ്യത്തിന്റെ നീതിബോധം മനുഷ്യർക്ക് മനസിലാക്കാൻ സാധിക്കുന്നതിനും അപ്പുറത്താണ്. അതുകൊണ്ട് മാത്രമാണ് "മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ" എന്ന ഉപമയിൽ അവസാനം വന്നവരേയും ആദ്യത്തെ വ്യക്തികളോട് സദൃശപ്പെടുത്തുമ്പോൾ ആദ്യം വന്നവർ യജമാനനെതിരെ പിറുപിറുക്കുന്നത്.

*ഈ ലോകം കണ്ട സ്വപ്നങ്ങളിൽ വച്ച് ഏറ്റവും മനോഹരമായ സ്വപ്നം; "സമത്വം!"*

യജമാമാനൻ ഒരു അനീതിയും പ്രവർത്തിക്കുന്നില്ല. അതേസമയം, മറ്റുള്ളവർക്ക് നന്മ ചെയ്യുകയും ചെയ്യുന്നു. പക്ഷെ, തന്റെ കൈയിലുള്ള സമ്പാദ്യം തനിക്ക് ഇഷ്ടമുള്ളതുപോലെ പങ്കുവച്ചതുകൊണ്ട് മറ്റുള്ളവരെ ശത്രുക്കളാക്കുകയും ചെയ്യുന്നു. "സ്വർഗരാജ്യം, തന്റെ മുന്തിരിത്തോട്ടത്തിലേക്കു ജോലിക്കാരെ വിളിക്കാൻ അതിരാവിലെ പുറപ്പെട്ട വീട്ടുടമസ്ഥനു സദൃശം" (മത്താ 20,1) എന്ന വാക്യത്തിലൂടെ ഒന്നുറപ്പാണ് ക്രിസ്തു പറയാൻ ആഗ്രഹിക്കുന്നത് സ്വർഗ്ഗരാജ്യത്തെ കുറിച്ചാണ്. ഒപ്പം, "മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ" എന്ന ഉപമ അവസാനിപ്പിക്കുമ്പോൾ ക്രിസ്തു വരികൾക്കിടയിലൂടെ പറയുന്നത് നമ്മുക്ക് ഇങ്ങനെ കാച്ചികുറുക്കാം; "സ്വർഗ്ഗരാജ്യത്ത് ഒന്നാമനും, രണ്ടാമനും, മൂന്നാമനും ഇല്ല... അവസാനം വന്നവനും ആദ്യം വന്നവനും ഒരേ പന്തലിൽ, ഒരേ മേശയിൽ, ഒരേ വിഭവങ്ങൾ തന്നെയാണ് സദ്യയ്ക്ക്!"

ഒന്നാം മണിക്കൂറിലും, മൂന്നാം മണിക്കൂറിലും, ആറാം മണിക്കൂറിലും, ഒമ്പതാം മണിക്കൂറിലും, അവസാനം, പതിനൊന്നാം മണിക്കൂറിലും ജോലിക്കുവേണ്ടി തന്റെ പറമ്പിലേയ്ക്ക് പണിക്കാരെ അയക്കുകയാണ് യജമാനൻ. ഇവിടെയൊന്നും ആർക്കും പരാതിയും പരിഭവവുമില്ല. പരാതിയും മുറുമുറുപ്പും ആരംഭിക്കുന്നത് ജോലിക്കാർക്ക് ആ ദിവസത്തിന്റെ ആദ്ധ്വാനത്തിന്റെ കൂലി കൊടുക്കുമ്പോഴാണ്. പതിനൊന്നാം മണിക്കൂറിൽ വന്നവർക്ക് ഓരോ ദനാറ ലഭിക്കുമ്പോൾ ആദ്യം വന്നവർ വിചാരിക്കുന്നത് തങ്ങൾക്കു കൂടുതൽ ലഭിക്കുമെന്നാണ്. എന്നാൽ, അവർക്കും ഓരോ ദനാറ തന്നെ ലഭിക്കുമ്പോൾ അവർ വീട്ടുടമസ്ഥനെതിരേ പിറുപിറുത്തു പറഞ്ഞു;

"അവസാനം വന്ന ഇവർ ഒരു മണിക്കൂറേ ജോലി ചെയ്തുള്ളൂ; എന്നിട്ടും പകലിന്റെ

അധ്വാനവും ചൂടും സഹിച്ച ഞങ്ങളോട് അവരെ നീ തുല്യരാക്കിയല്ലോ."

ഇതു കേൾക്കുന്ന യജമാനൻ പിറുപിറുക്കുന്നവരിൽ ഒരാളെ വിളിച്ച് അവന്റെ ധാരണകളെ ശരിയാക്കുകതയാണ്.

"സ്നേഹിതാ, ഞാൻ നിന്നോട് ഒരനീതിയുംചെയ്യുന്നില്ല. ഒരു ദനാറയ്ക്കല്ലേ നീ എന്നോടു സമ്മതിച്ചിരുന്നത്? നിനക്ക് അവകാശപ്പെട്ടതു വാങ്ങിക്കൊണ്ടു പൊയ്ക്കൊള്ളുക. അവസാനം വന്ന ഇവനും നിനക്കു നൽകിയതുപോലെതന്നെ കൊടുക്കാനാണ് എനിക്കിഷ്ടം. എൻെറ വസ്തുവകകൾകൊണ്ട് എനിക്കിഷ്ടമുള്ളതു ചെയ്യാൻ പാടില്ലെന്നോ? ഞാൻ നല്ലവനായതുകൊണ്ട് നീ എന്തിന് അസൂയപ്പെടുന്നു?"

സ്വർഗ്ഗരാജ്യത്തിന്റെ നീതിബോധം ഇപ്രകാരമാണ്. ശിഷ്ഠനോ ദുഷ്ഠനോ ആകട്ടെ വിശുദ്ധനോ പാപിയോ ആകട്ടെ ധനവാനോ ദരിദ്രനോ ആകട്ടെ ഒരേ പന്തലിന്റെ കീഴിൽ ഒരേ സദ്യ. ഇത് മനുഷ്യബുദ്ധിക്ക് ഗ്രഹിക്കാവുന്ന കാര്യമല്ല. അതുകൊണ്ട് തന്നെയാണ് പലപ്പോഴും ക്രിസ്തു പാപികൾക്കും ചുങ്കക്കാർക്കുമൊപ്പം ഭക്ഷണം കഴിക്കുമ്പോൾ യഹൂദരും ഫരിസേയരും നിയമജ്ഞരും അവനെ കുറ്റം വിധിച്ച് പറയുന്നത്; "നിങ്ങളുടെ ഗുരുവെന്താ പാപികളോടും ചുങ്കക്കാരോടും വേശകളോടുമൊപ്പമിരുന്ന് ഭക്ഷണം കഴിക്കുന്നത് എന്ന്?"

"മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ" എന്ന ഉപമയിൽ യജമാനനെ കുറ്റം വിധിക്കുന്നവർ പിറുപിറുക്കുന്നത് ഇപ്രകാരം പറഞ്ഞുകൊണ്ടാണ്; "അവസാനം വന്ന ഇവർ ഒരു മണിക്കൂറേ ജോലി ചെയ്തുള്ളൂ; എന്നിട്ടും പകലിൻെറ അധ്വാനവും ചൂടും സഹിച്ച ഞങ്ങളോട് അവരെ നീ തുല്യരാക്കിയല്ലോ" (മത്താ 20,12). തങ്ങൾക്ക് കിട്ടിയത് കുറഞ്ഞുപോയതല്ല അവരുടെ പ്രശ്നം. മറിച്ച്, അവസാനം വന്നവർക്ക് തങ്ങൾക്ക് കിട്ടിയതിൽനിന്നും അൽപം പോലും കുറച്ച് കൊടുത്തില്ല എന്നുള്ളതാണ് അവരുടെ പ്രശ്നം. യജമാനന്റെ വലിയ മനസ്സ് കാണാൻ സാധിക്കാത്ത കൂലിക്കാർ പറയുന്നത് "ഞങ്ങളോട് അവരെ നീ തുല്യരാക്കി..." ഇതു ശരിയല്ല എന്നാണ്. നമ്മുടെയും ഈ ലോകത്തിന്റെയും ഇന്നത്തെ പ്രശ്നം ഇതു തന്നെയാണ്. എന്നെക്കാൾ വലുതാകാനോ, എന്നോട് തുല്യം നിൽക്കാനോ ആരു ഉണ്ടാകരുത് ഈ ലോകത്ത്. അങ്ങനെ ആരെങ്കിലും ഉണ്ടായാൽ പിറുപിറുക്കൽ ആരംഭിക്കുകയായി.

*തമ്പുരാന്റെ കാഴ്ച്ചപാടിൽ എല്ലാവരും തുല്യരാണ്. മനുഷ്യരുടെ കാഴ്ച്ചപാടിൽ എല്ലവരും തുല്യരല്ല! പ്രാർത്ഥിക്കേണ്ടത്, തമ്പുരാന്റെ കാഴ്ച്ചപാട് സ്വന്തമാക്കാനാണ്!*

തിരുവനന്തപുരത്ത് ഗോൾഫ് ക്ലബിൽ ഗോൾഫ് മത്സരം നടക്കുകയാണ്. റീന ഉയർത്തി അടിച്ച ബോൾ അടുത്ത് ഉള്ള ചെറിയ കുറ്റിക്കാട്ടിൽ ആണ് വീണത്. ബോൾ എടുക്കാൻ ചെന്ന റീന ഒരു അത്ഭുതക്കാഴ്ച കണ്ടു. ഭംഗിയുള്ള ഒരു തവള. മഴവില്ല് ദേഹത്ത് വരച്ച്ചേർത്ത പോലുള്ള ഒരു തവള... റീന അ തവളയെ തന്നെ നോക്കികൊണ്ട് പന്ത് എടുത്തു. പെട്ടന്ന്, ആ തവള സംസാരിച്ച് തുടങ്ങി;

"ഞാൻ ഇവിടെ ഒരു കുരുക്കിൽ പെട്ടിരിയ്ക്കുകയാണ്. എന്നെ രക്ഷിച്ചാൽ ഞാൻ നിങ്ങൾക്ക് മൂന്ന് വരങ്ങൾ തരാം..."

തവളയുടെ ശബ്ദം ആദ്യം ഭയവും പിന്നെ അത്ഭുതവും ആണ് റീനയിൽ ഉണ്ടാക്കിയത്. റീന തവളയുടെ പുറത്ത് വീണ് കിടന്ന വലിയ മരകൊമ്പ് പതുക്കെ പൊക്കിമാറ്റി. തവളയ്ക്ക് സന്തോഷം ആയി.

"പിന്നെ, ഒരു കാര്യം നേരത്തെ പറയാൻ വിട്ടുപോയി. നിങ്ങൾ എന്ത് ചോദിക്കുന്നുവോ അത് നിങ്ങൾക്ക് ലഭിക്കും. പക്ഷെ, അതിന്റെ മൂന്ന് ഇരട്ടി നിങ്ങളുടെ ഭർത്താവിന് ലഭിക്കും."

റീന സമ്മതിച്ചു.റീന ആദ്യത്തെ ചോദ്യം ചോദിച്ചു;

"എന്നെ ലോകത്തിലെ ഏറ്റവും സുന്ദരി ആക്കണം..."

"ഒക്കെ ..പക്ഷെ, നിങ്ങളുടെ ഭർത്താവ് നിങ്ങളെക്കാൾ മൂന്ന് മടങ്ങ് സുന്ദരൻ ആകും. പെണ്ണുങ്ങൾ എല്ലാം അദ്ദേഹത്തിന്റെ അടുത്തേയ്ക്ക് ഒഴുകും...!"

"അത് സാരമില്ല... അദ്ദേഹം ലോകത്തിലെ ഏറ്റവും സുന്ദരിയായ എന്നെ വിട്ടെങ്ങും പോകില്ല."

തവള ഉടൻതന്നെ റീനയെ ലോക സുന്ദരി ആക്കി. റീന ഉടൻ രണ്ടാമത്തെ വരം ചോദിച്ചു;

"എന്നെ ലോകത്തിലെ ഏറ്റവും വലിയ പണക്കാരി ആക്കണം..."

"ഒക്കെ, പക്ഷെ, നിങ്ങളുടെ ഭർത്താവ് നിങ്ങളെക്കാൾ മൂന്ന് മടങ്ങ് പണക്കാരൻ ആകും."

"സാരമില്ല... അദ്ദേഹത്തിന്റെ പണം എന്റെയും അല്ലെ..."

ഉടൻ മാന്ത്രിക തവള റീനയെ ലോകത്തിലെ ഏറ്റവും വലിയ പണക്കാരി ആക്കി. അപ്പോൾ റീന തന്റെ മൂന്നാമത്തെ വരം ചോദിച്ചു;

"എനിക്ക് ഒരു ചെറിയ, വേദന കുറഞ്ഞ, ഹാർട്ട് അറ്റാക്ക് വേണം."

മാന്ത്രിക തവള അമ്പരന്നുപോയി മനുഷ്യന്റെ സ്വഭാവം കണ്ട്. തന്റെ ഭർത്താവ് തന്നെക്കാൾ സുന്ദരനും പണക്കാരനുമായിരിക്കുമ്പോൾ ഭർത്താവിന് ഭാര്യ കൊടുക്കുന്ന പണി. തനിക്ക് ചെറിയ വേദന കുറഞ്ഞ ഹാർട്ട് അറ്റാക്ക് പറയുമ്പോൾ ഭർത്താവിന് അതിന്റെ മൂന്നിരട്ടി ലഭിക്കട്ടെ! പക്ഷെ, ക്ലൈമാക്സ് ഇപ്രകാരമാണ്; റീനയുടെ ഭർത്താവിന് ഹാർട്ട് അറ്റാക്ക് വന്നു... പക്ഷെ, റീനയ്ക്ക് വന്നതിനേക്കാൾ മൂന്ന് മടങ്ങ് കുറഞ്ഞ വേദനയിൽ...

മുന്തിരിതോട്ടത്തിലെ കൂലിക്കാർക്ക് ലഭിച്ച കൂടി കുറഞ്ഞിട്ടുമില്ല, കൂടിയിട്ടുമില്ല. മറ്റുള്ളവർക്കും തങ്ങൾക്കും ഒരേ കൂലി തന്നെയാണ് ലഭിച്ചത് എന്നതാണ് അവരുടെ പ്രശ്നം. ഇതു തന്നെയല്ലേ, അസൂയ!

*ഞാനും എന്റെ വയറും എന്നുള്ള ചിന്ത സ്വാർത്ഥതയാണ്! പ്രപഞ്ചം പോലെ വിശാലമായി ചിന്തിക്കുന്നിടത്ത് പുതിയ ആകാശവും ഭൂമിയും പിറവികൊള്ളും!*

***"താൻ ദൈവഭക്തനാണെന്ന് ഒരുവൻ വിചാരിക്കുകയും തന്റെ നാവിനെ നിയന്ത്രിക്കാതെ ഹൃദയത്തെ വഞ്ചിക്കുകയും ചെയ്താൽ അവന്റെ ഭക്തി വ്യർത്ഥമത്രേ."***
യാക്കോബ് 1,26

---

ഫാ. ജോബി മേനോത്ത്
+91 9447777931